## ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 25-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ട ആഭ്യന്തര വകുപ്പിനെ സംബന്ധിച്ചുള്ള 113 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുണ്ടായിരുന്നു. ബിസിനസ് റൂൾസ് അനുസരിച്ച് 24-4-2017 വൈകുന്നേരം 5 മണിക്ക് മുമ്പ് ഉത്തരം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാകേണ്ടതായിരുന്നു. എന്നാൽ 2-5-2017 വരെ 113 ചോദ്യങ്ങൾക്കും മറുപടി ലഭിച്ചിട്ടില്ല. പോലീസിനെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാതെ പോലീസിനെ സംബന്ധിക്കുന്ന ധനാഭ്യർത്ഥന ചർച്ച ആദ്യമായാണ് സഭയിൽ നടക്കുന്നത്. ഒരു മെമ്പർ 10 ദിവസത്തെ ഫുൾ നോട്ടീസ് കൊടുത്താണ് ചോദ്യം ഉന്നയിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഞാൻ ഇക്കാര്യം ഉന്നയിച്ചതാണ്. സ്വാഭാവികമായും സംസ്ഥാന ഭരണത്തലവൻ എന്ന നിലയ്ക്ക് മുഖ്യമന്ത്രിക്ക് തിരക്കുണ്ടാകും. എന്നാൽ ഉത്തരം ലഭിക്കുകയെന്നുള്ളത് അംഗങ്ങളുടെ അവകാശമാണ്. ദയവായി അങ്ങ് ഇക്കാര്യത്തിൽ ഇടപെടണം. 113 അൺസ്റ്റാർഡ്

ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടില്ലെന്നുള്ളത് സഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളിലുള്ള കടന്നുകയറ്റമായി കരുതുന്നു. ഭരണ-പ്രതിപക്ഷ വിത്യാസമില്ലാതെയുള്ള അംഗങ്ങളുടെ ചോദ്യങ്ങൾക്കാണ് മറുപടി ലഭിക്കാനുള്ളത്. മറുപടി ലഭിക്കാതെ എങ്ങനെയാണ് ഡിമാന്റ് ചർച്ചയിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഒരു നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുസംബന്ധിച്ച് ഇപ്പോൾ പറയാൻ കഴിയില്ല; എന്താണെന്ന് പരിശോധിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗൗരവമായ കാര്യം തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(ധനകാര്യം)